# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

E mail: kauagmet@yahoo.co.in

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 21/17, ചൊവ്വാഴ്ച** **തീയ്യതി 23.05.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ 16.6 മി.മീ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 33.0 മുതൽ 35.7 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.3 മുതൽ 26.6 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 85 മുതൽ 93 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 53 മുതൽ 76 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.1 മുതൽ 2.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 2.0 മുതൽ 7.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 2.7 മുതൽ 4.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 24.05.2017 | 25.05.2017 | 26.05.2017 | 27.05.2017 | 28.05.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 7 | 25 | 20 | 7 |
| ഉയർന്ന താപനില (°C ) | 32 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 8 | 6 | 7 | 7 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 010 | 010 | 010 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | - | വിരിപ്പു കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| ജാതി/കുരുമുളക് | ദ്രുതവാട്ടം | കുമിൾ രോഗങ്ങൾക്കെതിരെ മുൻകരുതലായി ജാതി, കുരുമുളക് എന്നിവയിൽ 1% ബോർഡോ മിശ്രിതം തളിക്കുക. അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ സാധ്യതയു്. ദ്രുതവാട്ടരോഗം വരാതിരിക്കാൻ ട്രൈക്കോഡെർമ അല്ലെങ്കിൽ സ്യൂഡോമോണാസ് എന്നീ കൾച്ചറുകൾ ഉപയോഗിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. |
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന കീടങ്ങൾ | നീരൂറ്റി കുടിക്കുന്ന കീടങ്ങൾക്കെതിരെ പ്രാരംഭ ദശയിൽ തന്നെ പുകയിലക്കഷായം തളിച്ചു കൊടുത്ത് നിയന്ത്രിക്കാവുന്നതാണ്. അല്ലെങ്കിൽ വേപ്പെണ്ണ എമൾഷൻ 2% അല്ലെങ്കിൽ വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 2% തളിച്ചു കൊടുക്കുന്നതും കീടബാധ നിയന്ത്രണ വിധേയമാക്കുന്നതിനും സഹായിക്കും. മിത്രകുമിളായ വെർട്ടിസീലിയം ലെക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ 10-15 ദിവസം ഇടവേളകളിലായി തളിച്ചു കൊടുക്കുന്നതുക്കൊ് കീടബാധ വരാതെ ശ്രദ്ധിക്കാൻ പറ്റും. |